# ഗ്രീസ് പ്രധാനമന്ത്രി ഇന്ത്യ സന്ദർശിക്കും (ഫെബ്രുവരി 21-22, 2024)

ഫെബ്രുവരി 17, 2024

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ച് ഗ്രീസ് പ്രധാനമന്ത്രി ശ്രീ. കൈറിയാകോസ് മിറ്റ്സോടാകിസ് 2024 ഫെബ്രുവരി 21-22 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. മുതിർന്ന ഉദ്യോഗസ്ഥരും ഉന്നത ബിസിനസ് പ്രതിനിധി സംഘവും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്. ന്യൂഡൽഹിയിൽ നടക്കുന്ന 9-ആം റെയ്സിന ഡയലോഗിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഗ്രീസ് പ്രധാനമന്ത്രി മുഖ്യ പ്രഭാഷണവും നിർവഹിക്കും. ഏഥൻസിലേക്ക് മടങ്ങുന്നതിന് മുമ്പ് അദ്ദേഹം മുംബൈയിലും സന്ദർശനം നടത്തും.

2. രാഷ്ട്രപതി ഭവനിൽ വച്ച് പ്രധാനമന്ത്രി മിറ്റ്സോടാകിസിന് ആചാരപരമായ സ്വീകരണം നൽകും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രധാനമന്ത്രി മിറ്റ്സോടാകിസും ഉഭയകക്ഷി ചർച്ചകൾ നടത്തും. ഗ്രീസ് പ്രധാനമന്ത്രിയോടുള്ള ബഹുമാന സൂചകമായി പ്രധാമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് അത്താഴ വിരുന്നും ഒരുക്കുന്നുണ്ട്.

3. 2023 ഓഗസ്റ്റിൽ പ്രധാമന്ത്രി മോദി ഗ്രീസ് സന്ദർശിച്ച ശേഷം ഇന്ത്യ-ഗ്രീസ് ബന്ധം 'തന്ത്രപ്രധാന പങ്കാളിത്തം' എന്ന നിലയിലേക്ക് ഉയർന്നിട്ടുണ്ട്. പങ്കിടുന്ന സാംസ്കാരിക മൂല്യങ്ങൾ, സാമ്പത്തിക വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത, സുരക്ഷ, പ്രതിരോധം, ഷിപ്പിംഗ്, സമുദ്ര മേഖലകളിലെ സഹകരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണത്, കൂടാതെ പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ ഒന്നിച്ചുള്ള നിലപാടും വ്യക്തമാക്കുന്നു. വിവിധ ബഹുമുഖ വേദികളിൽ ഇരു രാജ്യങ്ങളും അടുത്ത് സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

4. ഗ്രീസിൽ നിന്ന് ഒരു പ്രധാനമന്ത്രിയുടെ/സർക്കാർ തല ഉഭയകക്ഷി സന്ദർശനം നടക്കുന്നത് 15 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ്. 2008-ൽ ആണ് ഒരു ഗ്രീസ് പ്രധാനമന്ത്രി അവസാനമായി ഇന്ത്യയിലെത്തിയത്. 2023 ഓഗസ്റ്റ് 25-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഏഥൻസ് സന്ദർശിച്ചിരുന്നു. പ്രധാനമന്ത്രി മിറ്റ്സോടാകിസിന്റെ സന്ദർശനം ഇന്ത്യയും ഗ്രീസും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തവും ആഴത്തിലുള്ളതുമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂഡൽഹി
**ഫെബ്രുവരി 17, 2024**